# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2349 15/07/2011-ൽ മറുപടിക്ക്

## ഹോസ്റ്റലുകളുടെയും സ്കൂളുകളുടെയും കെട്ടിട നിർമ്മാണം

**ചോദ്യം**

ശ്രീ. കെ.വി. വിജയദാസ്:
ശ്രീ. ബി. സത്യൻ:
ശ്രീ. സാജു പോൾ:
ശ്രീ. എസ്. രാജേന്ദ്രൻ:

**ഉത്തരം**

ശ്രീ. എ.പി. അനിൽ കുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ പ്രീമെട്രിക് ഹോസ്റ്റലുകളുടെയും, മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെയും, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും കെട്ടിടനിർമ്മാണത്തിനുള്ള പദ്ധതി പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) ഹോസ്റ്റൽ നവീകരണ പ്രവൃത്തികളുടെയും പുതിയ നിർമ്മാണ പ്രവൃത്തികളുടെയും പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഹോസ്റ്റലുകളുടെയും സ്കൂളുകളുടെയും നിർമ്മാണ നവീകരണ പ്രവൃത്തികളുടെ പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് വിലയിരുത്താറുണ്ട്; പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ അശ്രമം സ്കൂൾ, മലമ്പുഴ (പാലക്കാട്), മോഡൽ റസിഡൻഷ്യൽ സ്കൂൾ, കണിയാമ്പറ്റ (വയനാട്), ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഇടുക്കി) എന്നിവയുടെ നിർമ്മാണം പൂർത്തിയാവുകയും, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഏറ്റുമാനൂർ (കോട്ടയം), മോഡൽ റസിഡൻഷ്യൽ സ്കൂൾ, കുളത്തൂപ്പുഴ (കൊല്ലം) എന്നിവയുടെയും, തിരുവനന്തപുരം ജില്ലയിലെ കട്ടേല മോഡൽ റസിഡൻഷ്യൽ സ്കൂളിലെ +2 ബ്ലോക്കിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. പടിയൂർ (കണ്ണൂർ), മീനങ്ങാടി (വയനാട്), കാക്കവയൽ (വയനാട്) എന്നിവിടങ്ങളിലെ |

| | |
|---|---|
| | പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തിയാവുകയും, വയനാട് ജില്ലയിലെ തലപ്പുഴ, വാളേരി, കല്ലോടി, എറണാകുളം ജില്ലയിലെ നേര്യമംഗലം, ഇടുക്കി ജില്ലയിലെ കുമിളി, തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല എന്നീ ഹോസ്റ്റലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയും ചെയ്യുന്നു. പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള നിർമ്മാണ നവീകരണ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (സി) പ്രീമെട്രിക് ഹോസ്റ്റലുകളിലെ മെസ്സ് അലവൻസ് ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എപ്പോഴായിരുന്നു; ഇത് ഇപ്പോൾ വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ? | (സി) ഹോസ്റ്റലുകളിലെ മെസ്സ് അലവൻസ് ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് 2009-ലാണ്. ഇത് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ